# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുപുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TVM GP1/2006/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുപുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TVM GP1/2006/2022 തീയ്യതി: 31/01/2023

## തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ | 18-10-2022 | 28-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2022 | 28-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ആശ ജി ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിർജിൻ ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുനിതാബാബു ബി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ദിനു ടി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീന എസ് ദാസ് | പ്രസിഡന്റ് | 01-04-2021 | 12-10-2021 |
| ശ്രീ. സുരേഷ് ജെ. | പ്രസിഡന്റ് | 13-10-2021 | 31-03-2022 |
| ശ്രീ നൌഷാദ് എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ.രമേശ്.ജി | സെക്രട്ടറി | 08-04-2021 | 06-10-2021 |
| ശ്രീ.ഹരിൻ ബോസ്.എ | സെക്രട്ടറി | 07-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗ്രീഷ്മ എ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 13-12-2021 |
| ശ്രീ. സുരേഷ് കുമാർ ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-12-2021 | 16-12-2021 |
| ശ്രീമതി. ആശ എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2021 | 31-03-2022 |
| ശ്രീമതി. രാജി.എം.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ബിജേഷ് എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സുബി വി പി | മെഡിക്കൽ ഓഫീസർ ഫാമിലി ഹെൽത്ത് സെന്റർ, പരണിയം | 01-04-2021 | 31-03-2022 |
| ഡോ. ഇന്ദു ഗോപകുമാർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. ഉഷാകുമാരി എൽ.ആർ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി സ്മിത ഗോപാലൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-07-2021 |
| ശ്രീമതി. മിനി കെ. നായർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-08-2021 | 31-03-2022 |
| ശ്രീ. പ്രസന്നകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുബാല റ്റി ഒ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 06-11-2021 |
| ശ്രീമതി സോണിയ പ്രവീൺ | ഐ സി ഡി എസ് സൂപ്പർവൈസർ | 06-11-2021 | 17-11-2021 |
| ശ്രീമതി വിഷ്ണുപ്രിയ | ഐ സി ഡി എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ശ്രീമതി മിനിമോൾ.ടി.എം | വി.ഇ.ഒ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ-ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു | 1-5-1 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതി - അവലോകനം | 1-8-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 12 | വസ്തുനികുതി - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-10 |
| 13 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 14 | വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ | 1-12 |
| 15 | റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. | 1-13 |
| 16 | ലേല ഡയറി, ലേല രജിസ്റ്റർ -ഓഡിറ്റ് നിർദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-14 |
| 17 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-250510/- രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 18 | ഹാർഡ് വെയർ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-16 |
| 19 | തുടർവിദ്യാകേന്ദ്രം പ്രേരകിന്റെ ഹോണറേറിയം തനതു ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. | 1-17 |
| 20 | വീട് വാസയോഗ്യമാക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-18 |
| 21 | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധികം തുക നല്കി. | 1-19 |
| 22 | 2021-22 എസ്.എസ്.കെ വിഹിതം അടയ്ക്കൽ; ചെലവഴിക്കാത്ത തുക ചെലവഴിച്ചതായി കാണിച്ച് അക്കൗണ്ട്സ് തയ്യാറാക്കിയിരിക്കുന്നു | 1-20 |
| 23 | കേന്ദ്ര / സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾക്ക് ഒടുക്കുവാനുള്ള നികതി/നികുതി ഒടുക്കിയിട്ടില്ല | 1-21 |

| | | |
|---|---|---|
| 24 | കൃഷി ഓഫീസറുടെ പദ്ധതിനിർവ്വഹണം - ഓഡിറ്റ് നിർദ്ദേശങ്ങൾ | 1-22 |
| 25 | അംഗൻവാടികൾ ( നം 39,32) പ്രവർത്തനക്ഷമമാക്കിയില്ല | 1-23 |
| 26 | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല | 1-24 |
| 27 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-25 |
| 28 | സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കാതെ കരാറുകാർക്ക് ജി.എസ്.ടി കോംപൻസേഷൻ നൽകി | 1-26 |
| 29 | റോഡ് കണക്ടിവിറ്റി മാപ്പ് തയാറാക്കിയിട്ടില്ല | 1-27 |
| 30 | ഇ ടെണ്ടർ പ്രവർത്തികളുടെ ഫോറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല | 1-28 |
| 31 | സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല | 1-29 |
| 32 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 10000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 33 | മരാമത്ത് പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല | 1-31 |
| 34 | പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-32 |
| 35 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.10800/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടവയുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 24/02/2021 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 27,53,01,906/-രൂപയും പ്രതീക്ഷിത ചെലവ് 25,33,51,950/-രൂപയും നീക്കിയിരിപ്പ് 2,19,49,956/- രൂപയുമാണ്.

പരിഷ്കരിച്ച ബജറ്റ് 24/03/22 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് (പരിഷ്കരിച്ചത്) സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവുകളും ബജറ്റ് പ്രകാരമുള്ള വരവുകളും തമ്മിൽ കൂടുതൽ അന്തരം കാണുന്നു . ഉദാഹരണം ചുവടെ ചേർക്കുന്നു.

| Detailed Head | ഇനം | AFS പ്രകാരമുള്ള വരവ് | ബഡ്ജറ്റ് പ്രകാരം വരവ് |
|---|---|---|---|
| 110 | ആകെ നികുതി വരുമാനം | 3529932 | 4075000 |
| 130 | നികുതിയേതര വരവുകൾ | 35444 | 115000 |
| 140 | ഫീസ് & യൂസർ ചാർജസ് | 571236 | 792000 |
| 150 | Sale & Hire Charges | 126584 | 190000 |

2. 1801001 എന്ന അക്കൗണ്ട് ഹെഡിൽ നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് എന്ന ഇനത്തിൽ 100000/- രൂപ ബഡ്ജറ്റിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത്തരത്തിലുള്ള വരവ് ലഭ്യമായിട്ടില്ല.

3.ഭരണ ചെലവുകൾ എന്ന ഹെഡിൽ (Detailed Head 220) 14,73,281/- രൂപ AFS പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ ഈയിനത്തിലെ ചെലവുകൾക്കായി വകയിരുത്തിയ തുക 6,95,000/- രൂപയാണ്.

4.കൃഷി, ഹരിതകേരളം ,മണ്ണ്, ജലസംരക്ഷണം ,മാലിന്യ സംസ്കരണം എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ പ്രസ്തുത മേഖലകളിൽ അനുവദിച്ച തുക പൂർണമായും വിനിയോഗിച്ച് ലക്ഷ്യം കൈവരിക്കുന്നതിന് പൂർണമായും സാധിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റിൽ വിഭാവനം ചെയ്യുന്ന മേഖലകളിൽ ലഭ്യമാകുന്ന തുക പൂർണമായും വിനിയോഗിച്ച് ലക്ഷ്യം കൈവരിക്കാൻ ഭരണസമിതി മുൻതൂക്കം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷികധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31-07-2022 | 27-07-2022 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ആകെ വരവ് 125700338.00/-രൂപയും ആകെ ചെലവ് 132359419.00/-രൂപയും ആണ്. 6659081/- രൂപ ഡെഫിസിറ്റ് കാണുന്നു.

2. 2021-22 സാമ്പത്തിക വർഷം പൊതു അവശ്യഫണ്ട് (General Purpose Fund) ഇനത്തിൽ സർക്കാർ ഉത്തരവ്, എ.സി.ആർ, ബാങ്ക് പാസ്ബുക്ക് എന്നിവ പ്രകാരം 1,01,44,640/-രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ എ.എഫ്.എസ് ൽ

93,01,440/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം 843200/- രൂപ.

2. I.18 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി നോൺ റസിഡൻഷ്യൽ ഇനത്തിൽ 467540/-രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ആയതിന്റെ ഭരണസമിതി തീരുമാനം, ഒഴിവാക്കിയ നികുതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

3.460509901 Advance To Others പ്രകാരം എം.എൻ.ആർ.ഇ.ജി.എസിൽ നിന്നും റിക്കവറി ചെയ്യാനുള്ള തുക 1887264/-രൂപയാണ്. എം.എൻ.ആർ.ഇ.ജി.എസ് ന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 1266578/- ആണ്.

4.ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരുപ്പ് വാർഷിക കണക്കുകൾ പ്രകാരം (ആർപി 40(b)) പ്രകാരം 527393/- രൂപയും, ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 261132/- രൂപയുമാണ്. ആയതിന്റെ പൊരുത്തപ്പെടുത്തലിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

5.വിതരണം ചെയ്ത് 3 മാസത്തിലധികമായ ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ഉൾപ്പെടുത്താതെ 2018 മുതലുള്ള ചെക്കുകൾ മാറിയിട്ടില്ലാത്തതായി രേഖപ്പെടുത്തി തനത് ഫണ്ട് അക്കൗണ്ട് റികൺസിൽ ചെയ്തിരിക്കുന്നു.
തനതു ഫണ്ട് ഡി.സി.ബി അക്കൗണ്ട്സ് റിക്കൺസിലിയേഷനിൽ 99775/- രൂപ Cheque Issued But Not Presented Into Bank എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ 86125/- രൂപയുടെ ചെക്കുകൾ 2018,2019,2020 വർഷങ്ങളിൽ നൽകിയ ചെക്കുകളാണ്. ചെക്ക് ഇഷ്യൂ ചെയ്ത് മൂന്നു മാസം കഴിഞ്ഞാൽ കാലഹരണപ്പെടുമെന്നിരിക്കെ നാളിതുവരെയും ഇത്തരം ചെക്കുകൾ കാലഹരണപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുത്തി അക്കൗണ്ട്സ് ക്രമീകരിച്ചിട്ടില്ല.

6.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ /സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

7.എം.എൻ.ആർ.ഇ.ജി.എസ് I-6 പ്രകാരമുള്ള വരവും (40017898/-) I-14(a) പ്രകാരമുള്ള ചെലവും (39974908/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം എസ്.എസ്.എ വിഹിതം 310,000/- രൂപ മുൻ വർഷങ്ങളിലേത് ഇപ്പോഴും ചെലവാകാതെ അവശേഷിക്കുന്നു.

9. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഇൻകം &എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേയ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് തുക | ആകെ | ചെലവ് തുക | ലാപ്സ് ആയ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 88,83,133 | 88,83,133 | 1,02,49,922 | -1366789 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3268333 | 3268333 | 3023410 | 244923 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 13400 | 13400 | 0 | 13400 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(ടൈഡ്) | 0 | 7642950 | 7642950 | 1551936 | 6091014 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 3706778 | 3706778 | 2398889 | 1307889 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5397834 | 5397834 | 2894343 | 2503491 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 7320336 | 7320336 | 6442026 | 878310 |

1. ഉറവിടത്തിൽ കുറവു ചെയ്ത തുക ഒഴികെയുള്ള തുകയാണ് വികസനഫണ്ട് (ജനറൽ & എസ്.സി.പി) എന്നിവയിൽ വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഉറവിടത്തിൽ കുറവു ചെയ്ത തുക ഉൾപ്പെടെയുള്ള ചെലവുതുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2.ധനകാര്യ കമ്മിഷൻ ഗ്രാന്റ് ചെലവ് തുകകൾ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. (ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 41) മറുപടി ലഭ്യമാക്കിയില്ല)

| ഗ്രാന്റിനം | എ.സി.ആർ പ്രകാരം ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് |
|---|---|---|

| | | |
|---|---|---|
| സി.എഫ്.സി ഗ്രാന്റ് (ടൈഡ് ) | 1733370 | 1551936 |
| സി.എഫ്.സി ഗ്രാന്റ് ( അൺടൈഡ്) | 2753004 | 2398889 |
| ആകെ | 4486374 | 3950825 |

3.കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| 1 | കൃഷി ഓഫീസർ | 5 | 5 | 0 | 100% | 785620 | 781840 | 99.5% |
| 2 | വെറ്റിനറി സർജൻ | 5 | 5 | 0 | 100% | 2392000 | 1377600 | 57.59% |
| 3 | മെഡിക്കൽ ഓഫീസർ – PHC | 8 | 7 | 1 | 87.5% | 2488570 | 1438566 | 57.8% |
| 4 | മെഡിക്കൽ ഓഫീസർ – ആയുർവേദം | 4 | 4 | 0 | 100% | 542000 | 538782 | 99.4% |
| 5 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 0 | 100% | 2400720 | 303256 | 12.63% |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 31 | 25 | 6 | 80.6% | 13275322 | 6356996 | 47.88% |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 8 | 4 | 50% | 5512995 | 3889859 | 70.55% |
| 8 | സെക്രട്ടറി | 41 | 28 | 13 | 68.29% | 10958426 | 7157082 | 65.31% |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 37 | 23 | 61.66% | 18651966 | 9218992 | 49.42% |
| 10 | ഹെഡ്മാസ്റ്റർ | 3 | 3 | 0 | 100% | 285000 | 239212 | 83.93% |
| 11 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100% | 1200000 | 1200000 | 100% |
| | ആകെ | 173 | 126 | 47 | | 58492619 | 32502185 | 55.56% |

1. വകയിരുത്തിയതിന്റെ 55.56 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് .

. അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 60 പ്രോജക്ടുകളിൽ 37 എണ്ണം മാത്രമാണ് നടപ്പാക്കിയത്. അകെ വകയിരുത്തിയ ഫണ്ടിന്റെ 49 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

2. തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S098/22 | സ്വയം തൊഴിലിന് ആസ്തികൾ (വനിത സംഘങ്ങൾ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 2 | S0112/22 | ആണ്ടിക്കടി പ്ലാന്തോട്ടം റോഡ് മുതൽ കടുവാക്കുട്ടം കുളത്തിന്റെ സൈഡ് ഭിത്തി നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3 | S0113/22 | മാങ്കൂട്ടം മിനി ഷോപ്പിംഗ് കോംപ്ലക്സ് ടോയ്ലറ്റ് പുനരുദ്ധാരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | S0115/22 | മിനി എം സി എഫ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 5 | S0119/22 | 39-ാം നമ്പർ അംഗൻവാടി വൈദ്യുതീകരണവും വാട്ടർ കണക്ഷനും | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | So120/22 | 32-ാം നമ്പർ അംഗൻവാടി വൈദ്യുതീകരണവും വാട്ടർ കണക്ഷനും | അസിസ്റ്റന്റ് എഞ്ചിനീയർ |
| 7 | S0121/22 | എയ്റോബിക് ബിൻ സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 8 | S0126/22 | മുട്ടംതാന്നി കുളങ്ങരവിള റോഡ് റീടാറിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ |

## 1-5 ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 97920 | 91 |
| കർഷക തൊഴിലാളി പെൻഷൻ | 9293000 | 681 |
| വിധവ പെൻഷൻ | 8331700 | 579 |
| വാർദ്ധക്യകാല പെൻഷൻ | 18284800 | 1312 |
| വികലാംഗ പെൻഷൻ | 5344500 | 370 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 429600 | 29 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ-ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണ റിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ലില്ലി ആർ | 103010400017 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം) | 29-11-2020 | ആക്ടീവ് | 12-2020 മുതൽ August-2022 വരെ | 33100 |
| 2 | ലില്ലി ആർ. | 103010500036 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 29-11-2020 | ആക്ടീവ് | 2-2020 മുതൽ August-2022 വരെ | 12600 |
| 3 | പത്രോസ് എം | 103010101476 | കർഷക തൊഴിലാളി പെൻഷൻ) | 8/01/2021 | ആക്ടീവ് | 2-2021 മുതൽ August-2022 വരെ | 30200 |
| 4 | പ്രഭാകരൻനായർ എസ്. | 103010101081 | കർഷക തൊഴിലാളി പെൻഷൻ) | 8/12/2020 | | January-2021 മുതൽ April-2021 വരെ | 6100 |
| 5 | ലളിതാഭായിഅമ്മ | 103010200107 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 25/3/2021 | സസ്പെൻഡ് | 4/2021 മുതൽ August-2022 വരെ | 27200 |
| 6 | ശാരദ എം. | 103010600024 | (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 15/04/2021 | സസ്പെൻഡ് | 5/2021 മുതൽ October-2021 വരെ | 9600 |
| 7 | *അമ്മു പി. | 102920100534 | കർഷക തൊഴിലാളി പെൻഷൻ) | 7/7/2021 | ആക്ടീവ് | 8/2021 മുതൽ August-2022 വരെ | 20800 |
| 8 | സുമതി | 10301020047 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 7/12/2021 | സസ്പെൻഡ് | January-2022 മുതൽ August-2022 വരെ | 12800 |
| 9 | രവിദാസൻ - | 103010200970 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6/12/2021 | സസ്പെൻഡ് | January-2022 മുതൽ August-2022 വരെ | 12800 |
| 10 | ബാലകൃഷ്ണൻ.ആർ | 102910201349 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 7/08/2021 | ആക്ടീവ് | 9/2021 മുതൽ August-2022 വരെ | 19200 |

മരണശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ തുക കൈമാറിയിരിക്കുന്നതിനും മരണപ്പെട്ടവരുടെ പെൻഷൻ അക്കൗണ്ടുകൾ യഥാ സമയം സസ്പെൻഡ് ചെയ്യാത്തതിനും കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. *തിരുപുറം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്ത അമ്മു -വിന് (പെൻഷൻ Id No. 102920100534) കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ തുക കൈമാറി വരുന്നു. പെൻഷണർ മരണപ്പെട്ട വിവരം കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്തിൽ യഥാ സമയം അറിയിക്കാത്തതിനാൽ പെൻഷൻ സ്റ്റാറ്റസ് നിലവിൽ ആക്ടീവ് ആയി തുടരുന്നു.

3. പെൻഷൻ ഐഡി നം, 103010101075 മേരി ആർ എന്ന വ്യക്തിയുടെ മരണം 13/7/21 ൽ രജിറ്റർ ചെയ്തിരിക്കുന്നു. ടി വ്യക്തി 7-ാം മാസം മുതൽ കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന വിവരം സേവന പെൻഷൻ സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമാണ് . എന്നാൽ 2022 ഫെബ്രുവരി മാസം തുക (1600/-രൂപ) കൈപ്പറ്റിയതായി കാണുന്നു (സേവന പെൻഷൻ സോഫ്റ്റ്‌വെയർ പ്രകാരം). മരണപ്പെട്ട വ്യക്തിക്ക് ഈയൊരു മാസം മാത്രം പെൻഷൻ തുക കൈമാറിയിരിക്കുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

4. ചന്ദ്രിക (പെൻഷൻ ഐ.ഡി- 103010600333 ) എന്ന വ്യക്തി 7/3/2022 ൽ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (മരണ രജിസ്റ്റർ പ്രകാരം) . എന്നാൽ ടി വ്യക്തിക്ക് ഇന്ദിരഗാന്ധി ദേശിയ വിധവ പെൻഷൻ 2022 അഗസ്റ്റ് മാസം വരെ നൽകിട്ടുണ്ട്. നിലവിൽ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ട്. 2022എപ്രിൽ മുതൽ അഗസ്റ്റ് വരെ മരണശേഷം 8000/-രൂപ അധികമായി നൽകിയിരിക്കുന്നു.

സേവന സോഫ്റ്റ് വെയറിൽ പെൻഷണറുമായി ബന്ധപ്പെട്ട വിവരങ്ങളിൽ "പുനർ വിവാഹിതയല്ല സർട്ടിഫിക്കറ്റ് സ്റ്റാറ്റസ് " - സമർപ്പിച്ചിട്ടുണ്ട് (20/05/2022) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 7/3/2022 ൽ മരണപ്പെട്ട വ്യക്തി പുനർവിവാഹതയല്ല എന്നുള്ള സർട്ടിഫിക്കറ്റ് 20/05/22 ഇൽ സമർപ്പിച്ചതായി രേഖപ്പെടുത്തിരിക്കുന്നതിൽ കൃത്യമായ

വിശദീകരണം നൽകിയിട്ടില്ല. മേൽ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/19-10-2022) ലഭിച്ച മറുപടി പ്രകാരം 1) മേൽ സൂചിപ്പിച്ചിട്ടുള്ള 8 പേരുടെ പെൻഷൻ മരണ റിപ്പോർട്ട് പരിശോധിച്ച് ബാധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. അനർഹമായി ടിയാളുകളുടെ അക്കൗണ്ടിലേക്ക് പോയ തുക കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് (ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 110110801000251 എന്ന അക്കൗണ്ട് നമ്പറിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

2) പെൻഷൻ മരണപ്പെട്ട വിവരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടില്ല എന്നും തുടർന്ന് മരണം രജിസ്റ്റർ ചെയ്യുമ്പോൾ മറ്റ് ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഉപഭോക്തക്കളാണെങ്കിൽ ടി വിവരം അതാത് ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതാണ്.

3) 2022 ഫെബ്രുവരി മാസം ശ്രീമതി മേരി.ആർ എന്ന വ്യക്തിയ്ക്ക് തുക കൈമാറിയിട്ടുണ്ടോ എന്ന് ബോധ്യപ്പെടുന്നതിന് സഹകരണ ബാങ്കിന് കത്ത് നൽകിയിട്ടുണ്ട്.

4) ശ്രീമതി ചന്ദ്രിക എന്നയാൾ പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം 2021 ഡിസംബർ മാസമാണ് സമർപ്പിച്ചിരുന്നത്. ടി സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യുന്നതിന് സൈറ്റ് ഓപ്പൺ ചെയ്ത് തന്നത് 2022 മെയ് മാസം ആണ്. ആയതിനാലാണ് മെയ് മാസം ടി സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്തിട്ടുള്ളത്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. തിരുപുറം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. അനർഹമായി നൽകിയ തുക സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടി ഓഡിറ്റിനെ ധരിപ്പിക്കുക. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-6 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2022 തീയതിയിൽ 3 P.m. സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 788/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2) ഫ്രണ്ട് ഓഫീസ് സേവനം കാര്യക്ഷമമായും ഫലപ്രദമായും നൽകുന്നു എന്നുറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പ്രത്യേകമായി റിവ്യൂ മീറ്റിംഗുകൾ നടത്തുന്നതിന്റെ വിശദാംശം , മാസംതോറും ഓഫീസ് മീറ്റിംഗ് കൂടുന്നതിന്റെ മിനിട്സ് ബുക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല.

4) പൗരാവകാശ രേഖ 2021-22 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

5) നികുതി, നികുതിയേതര വരുമാനങ്ങളുടെ ശേഖരണത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

6) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

7) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

9) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

10) സ.ഉ (കൈ) നം 4/2021/തസ്വഭവ തീയതി 11.01.2021 ഖണ്ഡിക17പ്രകാരം 2021-22 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിനുമുന്നോടിയായുള്ള ഗുണഭോക്തൃതെരഞ്ഞെടുപ്പിന് ഗ്രാമസഭകൾ കൂടണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇപ്രകാരം ഗുണഭോക്തൃതെരഞ്ഞെടുപ്പിന് ഗ്രാമസഭകൾ കൂടിയിട്ടില്ല. പകരം 2022-23ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വാർഡുകളിൽ ചേർന്ന ഗ്രാമസഭയോഗങ്ങളിലാണ് 2021-22ലെ ഗുണഭോക്തൃപട്ടിക അംഗീകരിച്ചിരിക്കുന്നത്.

11) പഞ്ചായത്ത് പരിധിയിലെ നിർദ്ധനരായ ജനങ്ങൾക്ക് ദുരിത കാലത്ത് കൈത്താങ്ങായി മാറുന്നതിന് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗ്ഗങ്ങൾ വഴിയും ധനസമാഹരണം നടത്തി ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

12) ഗ്രാമപഞ്ചായത്തിലെ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഓരോ മാസത്തെയും വൗച്ചറുകൾ തീയതിയുടെയോ വൗച്ചർ നമ്പറിന്റെയോ അടിസ്ഥാനത്തിൽ അല്ല ഫയലിൽ സൂക്ഷിച്ചിരുന്നത്. ചെലവു വൗച്ചറുകളിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തുന്നില്ല. ലഭ്യമാക്കിയിട്ടുള്ള ബിൽ രജിസ്റ്ററിൽ ചെക്ക് നമ്പരുകൾ ക്രമ പ്രകാരമല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. ഓരോ മാസത്തെയും ചെലവുകൾ വൗച്ചർ നമ്പറിന്റെയോ ചെക്ക് നമ്പരിന്റെയോ അടിസ്ഥാനത്തിൽ അല്ല രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ചെലവ് സംബന്ധിച്ച കൃത്യത പൂർണ്ണമായി പരിശോധിച്ച് ബോധ്യപ്പെടുവാൻ കഴിഞ്ഞിട്ടില്ല

ക്രമരഹിതമായി വൗച്ചറുകൾ കൈകാര്യം ചെയ്തത് വഴി പഞ്ചായത്തിലെ വൗച്ചറുകൾ സൂക്ഷിക്കുന്നതിലും ബിൽ രജിസ്റ്റർ പരിപാലിക്കുന്നതിലും നിരുത്തരവാദപരമായ സമീപനമാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

13. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 40423 | 729134 | 769557 | 294616* | 474941 | ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (എഫ്.ടി.ഒ സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 39723282 | 39723282 | 39723282 | 0 | |
| ആകെ | 40423 | 40452416 | 40492839 | 40017898 | 474941 | |

1),* ചെലവു തുക എ.എഫ്.എസ് ലെ ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല.(എ.എഫ്.എസ് പ്രകാരം ഭരണചെലവ് -236260/-)

2)100 ദിവസം ജോലി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കുള്ള ഇൻസെൻന്റീവ് തുക ബ്ലോക്ക് പഞ്ചായത്തു മുഖാന്തിരമാണ് വിതരണം ചെയ്തിട്ടുള്ളത്.

3) ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ലഭ്യമാക്കിയ എഫ്.റ്റി.ഒ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും എ.എഫ്.എസ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. എ.എഫ്.എസിൽ ചെലവ് തുക തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-8-1 മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പപദ്ധതി - അവലോകനം

2021-22 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പപദ്ധതിയിൽ 18,97,15,000/- രൂപ വകയിരുത്തി 2850 പ്രവർത്തികൾ ഉൾപ്പെടുന്ന ആക്ഷൻ പ്ലാൻ
( 395813 തൊഴിൽ ദിനം ) അംഗീകരിച്ചിരുന്നു.

ആയതിൽ 2021-22 വർഷത്തെ വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഫലവൃക്ഷത്തൈ ചെടി നടീലും | 22 | 2494511.5 |

| | | | |
|---|---|---|---|
| | പരിപാലനവും ചാനൽ തോട് പുനരുദ്ധാരണം , അംഗൻവാടി കെട്ടിട നിർമാണം | | |
| 2 | വ്യക്തിഗത ഇനങ്ങൾ | 119 | 3779575 |
| 3 | ഭൂവികസനം | 153 | 33464562 |

1.ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 2850 |
| തൻവർഷം പൂർത്തിയാക്കിയത് | 268 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 26 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 2556 |

2. രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 95 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4021 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2094 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1950 |
| ആകെ തൊഴിൽ ദിനങ്ങൾ | 123993 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 346 |

അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും, ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നം ( 39/ 28.10.2022)

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2022 | 03.2022 | റിപ്പോർട്ട് ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.01.2019 | 2013-14 മുതൽ 2017-18 വരെ | 06.03.2019 |

## 1-10 വസ്തുനികുതി - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വസ്തു നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി. അവ പരിഗണിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2021 - 22 വർഷത്തിലെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം പിരിച്ചെടുക്കാനുള്ള വസ്തുനികുതി

കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ഇനം | പിരിച്ചെടുക്കാനുള്ള തുക |
|---|---|
| വസ്തു നികുതി - Residential (Current) | 113,985/- |
| വസ്തു നികുതി - Residential (Arrear) | 257,161/- |
| വസ്തു നികുതി - Non Residential (Current) | 268,726/- |
| വസ്തു നികുതി - Non Residential (Arrear) | 577,090/- |
| ആകെ | 1,216,962/- |

വസ്തുനികുതി ഇനത്തിൽ ഭീമമായ തുക കുടിശ്ശികയായിട്ടും മേൽ തുക പിരിച്ചെടുക്കാത്തതിനുള്ള കാരണവും, പിരിച്ചെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടിയും ഓഡിറ്റിനെ അറിയിക്കാൻ അവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 38/2022-ന് വസ്തു നികുതി കുടിശ്ശികയുടെ ഡിമാന്റ് നോട്ടീസ് കുടുംബശ്രീ മുഖേന വിതരണം ചെയ്തു എന്നും അടിയന്തിരമായി ക്യാമ്പ് കളക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നെന്നു മറുപടി നൽകി. 2020-21 ലെ ഗ്രാമപഞ്ചായത്തിന്റെ വാർഷികധനകാര്യപത്രിക B15 പ്രകാരം വസ്തുനികുതി റെസിഡൻഷ്യൻ, നോൺ-റെസിഡൻഷ്യൻ വിഭാഗത്തിൽ കറന്റ്, അരിയർ എന്നിവയിലായി 1917162/- രൂപ പരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. തനത് വരുമാനത്തിൽ 1216962/- തുക കുടിശ്ശികയായി നിലനിൽക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കും എന്നതിനാൽ വസ്തുനികുതിയിലെ കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടി സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

2. മൊബൈൽ ഫോൺ ടവറുകളിൽ നിന്നും നികുതി ഇനത്തിൽ 123340/- രൂപയുടെ കുടിശ്ശിക

മൊബൈൽ ഫോൺ ടവറുകളിൽ നിന്നും നികുതി കൃത്യമായി ഈടാക്കാത്തതിനാൽ 123340/- രൂപ കുടിശ്ശികയായി ബാക്കി നിൽപ്പുണ്ട്. തിരുപുറം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ കെട്ടിട നം. 5/415/A യിലുള്ള ഇൻഡസ് ടവർ ലിമിറ്റഡ്, 8- ാം നില, വങ്കാരത്ത് ടവർ, പാലാരിവട്ടം, കൊച്ചി ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിൽ നിന്ന് 2013 ആദ്യപകുതി മുതലുള്ള 2022 രണ്ടാം പകുതി വരെ വസ്തുനികുതി കുടിശ്ശിക 123340/- രൂപ ഈടാക്കാനവശേഷിക്കുന്നു. ടി കാലയളവിൽ പഞ്ചായത്തിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകിയതായി സഞ്ചയയുടെ സോഫ്റ്റ്‌വെയറിൽ നിന്ന് വ്യക്തമാണ്. ഇതിനായി എന്തെങ്കിലും തരത്തിലുള്ള തുടർനടപടികൾ സ്വീകരിച്ചതായി അറിയാൻ നൽകിയ അന്വേഷണകുറിപ്പ് 38/2022-ന് നൽകിയ മറുപടി പ്രകാരം ടി മൊബൈൽ ടവർ അസസ്സ്മെന്റ് രേഖകളിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ടി നമ്പർ അസസ്സ്മെന്റ് രേഖകളിൽ നിന്നും നീക്കം ചെയ്യുന്നതിന് നിലവിൽ സെക്രട്ടറിയുടെ ലോഗിനിൽ സാധിക്കുന്നില്ലാ എന്നും പ്രസ്തുത വിവരം ഐ.കെ.എം ൽ അറിയിച്ചിട്ടുണ്ട് എന്നും ലഭ്യമാക്കി. ആയതിനുള്ള സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ടി കെട്ടിടം അസസ്സ്മെന്റിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അറിയിച്ചു. ഇതിന്റെ മേൽ നടപടി സ്വീകരിക്കുകയും അവ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 തൊഴിൽ നികുതി - അപാകതകൾ

1. തൊഴിൽ നികുതി രജിസ്റ്ററിൽ അടച്ച തുകയുടെ രസീത് നമ്പറുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. വിവരങ്ങൾ കൃത്യമായി ലഭ്യമാകാതിരുന്നാൽ തുക തടസ്സപ്പെടുത്തുന്നതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | FHC, പരണിയം | 24770/- രൂപ | എല്ലാ തുകകളുടെയും ഒടുക്കു വിവരം ലഭ്യമാക്കേണ്ടതാണ് (രസീത് നമ്പർ ഉൾപ്പെടെ). |
| 2 | പല്ലവി ഹോസ്പിറ്റൽ | തൊഴിൽ നികുതി = 3080/- രൂപ സ്ഥാപന നികുതി = 1250 രൂപ | ഒടുക്കു വിവരം ലഭ്യമാക്കേണ്ടതാണ് |

| | | | |
|---|---|---|---|
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് | തൊഴിൽ നികുതി = 3550/- രൂപ<br>സ്ഥാപന നികുതി = 1250/- രൂപ | ഒടുക്ക വിവരം ലഭ്യമാക്കേണ്ടതാണ് (രസീത് നമ്പർ ഉൾപ്പെടെ). |
| 4 | മാവേലി സ്റ്റോർ, പഴയകട | 2500/- | ഒടുക്ക വിവരം ലഭ്യമാക്കേണ്ടതാണ് (രസീത് നമ്പർ ഉൾപ്പെടെ). |
| 5 | VEO, തിരുപുറം | ഒടുക്ക വിവരം ലഭ്യമാക്കേണ്ടതാണ് | ഒടുക്ക വിവരം ലഭ്യമാക്കേണ്ടതാണ് |
| 6 | തിരുപുറം ഗ്രാമപഞ്ചായത്ത് (അജയകൃഷ്ണൻ, ഡ്രൈവർ) | 1000/- | ഒടുക്ക വിവരം ലഭ്യമാക്കേണ്ടതാണ് |

2. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205(എ- കെ) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനിയും, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. വകുപ്പ് 205 ബി,സി, ചട്ടം-14 പ്രകാരം സെക്രട്ടറിയ്ക്ക് അത്തരക്കാരിൽ നിന്നും രേഖാമൂലം ഒരു ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. 205 I പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുകൊണ്ടുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. തദ്ദേശ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ദേവസ്വം ബോർഡ് ഓഫീസ്, തിരുപുറം | 1 & 11 |
| 2 | പുത്തൻകട ക്ഷീരോല്പാദന സംഘം | 1 & 11 |
| 3 | തിരുപുറം ഫാർമേഴ്സ് വെൽഫെയർ സൊസൈറ്റി | 1 & 11 |
| 4 | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | 1 & 11 |
| 5 | S.V ഫ്യൂവൽസ്, മനവേലി | 1 & 11 |
| 6 | മല്ലൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 & 11 |
| 7 | മിൽക്ക് സൊസൈറ്റി, കുമിളി | 1 & 11 |
| 8 | മിൽക്ക് സൊസൈറ്റി, കഞ്ചാംപഴിഞ്ഞി | 1 & 11 |

മേൽവിവരിച്ച സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനുള്ള വിശദീകരണവും, കുടിശ്ശിക ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികളുടെ രേഖകൾ ലഭ്യമാക്കാനും, ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് 34/2022 –ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ഇ,എഫ്,എച്ച്, എന്നീ വകുപ്പുകളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം വിശദാംശങ്ങൾ നൽകാനും നികുതി അടവാക്കാനും ബാധ്യസ്ഥനായ ഏതെങ്കിലും ആഫീസ് മേധാവിയോ തൊഴിലുടമയോ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അങ്ങനെയുള്ള വിവരങ്ങൾ നൽകുന്നതിലോ അടയ്ക്കേണ്ടതായ നികുതി അടവാക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്താൽ സെക്രട്ടറിയ്ക്ക് ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്. ആയതിനാൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതും, തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

1. ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല

2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ അപേക്ഷയിൽ മൂലധനനിക്ഷേപം/വിറ്റുവരവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. 31/10/2017 -ലെ ഭേദഗതി ചട്ടങ്ങൾക്ക് മുമ്പ് വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കിയിരുന്നത്. എന്നാൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം

സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളായി സ്ഥാപനങ്ങളെ തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് പുതുക്കിയ പട്ടിക II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ചാണ് ഫീസ് ഈടാക്കേണ്ടത്. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് ഈടാക്കിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറുപ്പ് 8/2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ്/കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | സൈമൺ എസ്. | III/425 | തേങ്ങ ഉണക്കുന്നതിന് |
| 2 | സൈമൺ എം. | V/7 | റൈസ് ഫ്ലവർ & ഓയിൽ മിൽ |
| 3 | ലീല എച്ച് എൻ | IX/63 | പലചരക്ക് വിൽപ്പന |
| 4 | ജയശ്രീ സി പി | XI/239A | ബ്യൂട്ടിപാർലർ പ്രവർത്തനം |
| 5 | ജയശ്രീ സി പി | XI/239B | വസ്ത്രവ്യാപാരം |
| 6 | ബാഹുലേയൻ | IX/66 | പലവ്യഞ്ജന വിൽപ്പന |
| 7 | ബിജുമോൻ എസ് * | IX/328C | ഗ്ലാസ്, പ്ലൈവുഡ് |
| 8 | ജെയിംസ് എം * | VII/231&232 | ആയുർവേദ സിദ്ധവൈദ്യശാല |

* പുതിയ ലൈസൻസ്

2. ട്രേഡേഴ്സ് ലിസ്റ്റ് വാർഡടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളേയും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല. 2020-21-ലെ ലൈസൻസ് രജിസ്റ്ററിന്റെ പകർപ്പാണ് ട്രേഡേഴ്സ് ലിസ്റ്റ് ആയി ഹാജരാക്കിയിട്ടുള്ളത്. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങൾക്കും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകേണ്ടതും വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതും അത്യാവശ്യമാണ്.

## 1-13 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്നുള്ള വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 08/2022-ന് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിന്റെ വർദ്ധനവിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ലേല ഡയറി, ലേല രജിസ്റ്റർ -ഓഡിറ്റ് നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

തിരുപുറം ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപ്പെട്ട് ലേലരജിസ്റ്റർ,ലേല ഡയറി പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

23.10.2021 ലെ A4-4465/2020 നം. ലേല പരസ്യപ്രകാരം ചുവടെ പറയുന്നവ ലേലത്തിൽ വയ്ക്കുകയുണ്ടായി.

| ക്രമ നം | ലേലവിവരം | അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയപ്രകാരമുള്ള വില(രൂപയിൽ) | നിരതദ്രവ്യം (രൂപയിൽ) | ലേല തീയതി |
|---|---|---|---|---|
| 1 | തിരുപുറം ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തുള്ള കല്ല്, മണൽ, കമ്പി, മെറ്റൽ | - | 500 | 28.10.2021 |
| 2 | മാങ്കൂട്ടം ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തെ കരിങ്കൽ | 2095 | 200 | 28.10.2021 |
| 3 | ബഡ്സ് സ്കൂളിലെ Collapsible Door | 911 | 100 | 28.10.2021 |
| 4 | കൃഷി ഓഫീസിലെ ഗേറ്റ് | 399 | 100 | 28.10.2021 |

തന്നിരിക്കുന്ന വിവരങ്ങൾ പ്രകാരം കൃഷി ഓഫീസിലെ ഗേറ്റ് 28.10.2021 ന് 425/- രൂപയ്ക്ക് ലേലത്തിൽ പോകുകയും Receipt No. 121070103175 Dtd 20.11.2021 പ്രകാരം തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ലേല സാധനങ്ങളായ തിരുപുറം ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തുള്ള കല്ല്, മണൽ, കമ്പി, മെറ്റൽ, മാങ്കൂട്ടം ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തെ കരിങ്കൽ, ബഡ്സ് സ്കൂളിലെ Collapsible Door എന്നിവ ആരും ലേലം വിളിക്കുകയുണ്ടായില്ല. ഈ ലേലസാധനങ്ങളുടെ നിലവിലെ സ്ഥിതി ലേലരജിസ്റ്ററിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചില്ല.

ബാക്കിയായ ലേലസാധനങ്ങളുടെ നിജസ്ഥിതി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 12/2022 -ലെ മറുപടി പ്രകാരം മാങ്കൂട്ടം ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തെ കരിങ്കല്ലിന്റെ ലേലം 22.03.2022 തീയതിയിൽ നടക്കുകയും ഏറ്റവും കൂടുതൽ തുകയായ 2110/- രൂപയ്ക്ക് ലേലം വിളിക്കുകയും 08.04.2022 ന് തുക ഒടുക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട് . തിരുപുറം ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തുള്ള കല്ല്, മണൽ, കമ്പി, മെറ്റൽ എന്നിവയുടെ ലേലം 30.05.2022 തീയതിയിൽ ഏറ്റവും കൂടുതൽ തുകയായ 19325/- രൂപക്ക് ശ്രീ. ആൽബിൻ വിളിക്കുകയും 11.08.2022 തീയതിയിൽ ലേലതുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. ബഡ്സ് സ്കൂളിലെ കൊളാപ്സിബിൾ ഡോറിന്റെ ലേലം നിരവധി തവണ നടത്തിയിരുന്നുവെങ്കിലും ആരും ലേലം വിളിക്കാൻ തയ്യാറായിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി.

ലേലരജിസ്റ്റർ, ലേലഡയറി എന്നിവയിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിയാൽ മാത്രമേ എല്ലാ സാധനങ്ങളുടെയും നിജസ്ഥിതി വ്യക്തമാകുകയുള്ളൂ. ലേല രജിസ്റ്ററിൽ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുകയും പഞ്ചായത്തിന്റെ വരുമാനസ്രോതസ്സുകൾ നഷ്ടപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-250510/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിർവ്വഹണ ഏജൻസികളിൽ ഒടുക്കിയ ചുവടെ ചേർത്തിരിക്കുന്ന തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഏജൻസി | ഒടുക്കിയ തുക | ബിൽ.നം. &തീയതി |
|---|---|---|---|
| ഐ.കെ.എം വിഹിതം അടയ്ക്കൽ (1/22) | ഐ.കെ.എം | 50510/- | 6/21-22 04.08.21 |
| DPC സെക്രട്ടറിയേറ്റ് മന്ദിരം തുക കൈമാറുന്നത് (83/22) | ജില്ലാ ആസൂത്രണ സമിതി | 200000/- | 7/21-22 04.08.21 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.10/20.10.2022 )

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നല്കിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതു വരെ 250510/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 ഹാർഡ് വെയർ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ഹാർഡ്‌വെയർ രജിസ്റ്ററിൽ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന കംപ്യൂട്ടറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. ഹാർഡ് വെയർ രജിസ്റ്ററിൽ സൂചിക ഉൾപ്പെടുത്തുകയോ പുതുതായി വാങ്ങുന്ന കംപ്യൂട്ടറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും വിശദാംശങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 21/22.10.2022 ) ഹാർഡ് വെയർ രജിസ്റ്ററിൽ സൂചികയും പുതുതായി വാങ്ങുന്ന കംപ്യൂട്ടറുകളുടെയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും വിശദാംശങ്ങളും പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്ററുകൾ ക്രമപ്രകാരം സൂക്ഷിക്കേണ്ടതാണ്.

## 1-17 തുടർവിദ്യാകേന്ദ്രം പ്രേരകിന്റെ ഹോണറേറിയം തനതു ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുടർവിദ്യാകേന്ദ്രം പ്രേരക് ശ്രീമതി.ശാന്തയ്ക്ക് 16800/- രൂപ (വൗച്ചർ നം 22100111 തീ. 6-05-2021), 18800/- രൂപ (വൗച്ചർ നം 22100148 തീ.25.05.2021 ) എന്നീ തുകകൾ ഹോണറേറിയം ഇനത്തിൽ നൽകിയിരിക്കുന്നു. ആയത് സാക്ഷരതാ മിഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/ 25.10.22) മറുപടി നല്കിയില്ല. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വീട് വാസയോഗ്യമാക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ ജനറൽ വിഭാഗങ്ങളുടെ വീട് വാസയോഗ്യമാക്കുന്നതിനായി 70/22, 99/22 എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട 27 കുടുംബങ്ങളുടെ വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നത് വഴി മെച്ചപ്പെട്ട ജീവിത സാഹചര്യമുണ്ടാക്കാനായി വിഭാവനം ചെയ്തതാണ് ഈ പദ്ധതി. എന്നാൽ ഒരു ഗുണഭോക്താവിന് നൽകുന്നതിനായി വകയിരുത്തിയ പരമാവധി തുക 25000/-രൂപ മാത്രമാണ്. സബ്സിഡി മാർഗ രേഖപ്രകാരം ഭവന പുനരുദ്ധാരണത്തിന് ജനറൽ വിഭാഗത്തിന് 100000/രൂപ അനുവദിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.19/22.10.2022 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിച്ച് സബ്സിഡി മാനദണ്ഡപ്രകാരമുള്ള തുക നല്കി നിർവ്വഹണം നടത്തുന്നതായിരിക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഒരിക്കൽ ആനുകൂല്യം നൽകിയാൽ പിന്നീട് 8 വർഷത്തിന് ശേഷമേ വീണ്ടും ആനുകൂല്യം നൽകാൻ സാധിക്കൂ. ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാകുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി തുക പരിഗണിച്ച് അർഹമായ തുക നൽകുന്ന തരത്തിൽ പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധികം തുക നല്കി.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സർക്കാർ മാനദണ്ഡപ്രകാരം സ്കോളർഷിപ്പ്, യാത്ര ബത്ത , മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുക എന്ന ഉദ്ദേശത്തോടെ ഐ. സി. ഡി. എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതിയാണ് സ്നേഹസ്പർശം (പ്രോജക്ട് നമ്പർ 8 / 2022) ഈ പദ്ധതിയുടെ ചെലവ് തുക 8,62,500/- രൂപയാണ് . പദ്ധതി പ്രകാരം 30 വിദ്യാർത്ഥികൾക്ക് 2021-22 വർഷക്കാലയളവിൽ ആനുകൂല്യം നൽകിയിരിക്കുന്നു . സർക്കാർ ഉത്തരവ് പ്രകാരം ഒരു വിദ്യാർത്ഥിക്ക് 28500/- രൂപയാണ് പരമാവധി നൽകാവുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒരു വിദ്യാർത്ഥിക്ക് 28750/- രൂപ വീതം നൽകിയതു വഴി 7500/- രൂപ അധികമായി നൽകിയിരിക്കുന്നു . സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിൽ നിന്നും അധികം തുക നൽകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-20 2021-22 എസ്.എസ്.കെ വിഹിതം അടയ്ക്കൽ; ചെലവഴിക്കാത്ത തുക ചെലവഴിച്ചതായി കാണിച്ച് അക്കൗണ്ട്സ് തയ്യാറാക്കിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം , പേര് | 32/2022 |

| | |
|---|---|
| | 2021-22 എസ്. എസ്. കെ വിഹിതം അടയ്ക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ് പരണിയം |
| അടങ്കൽ തുക | 2,00,000<br>വികസന ഫണ്ട് -പൊതു വിഭാഗം (സാധാരണ വിഹിതം) |
| ചെലവ് തുക | 2,00,000<br>(ബിൽ നം. 1/21-22തീ. 08-11-2021) |
| ഭരണാനുമതി നം | 1(1)/ 24-02-2021 |

എസ്.എസ്.കെ യുടെ വിവിധ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായുള്ള 2,00,000/- രൂപ ഡിസ്ട്രിക് പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ യുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (A/c 0819101103660; IFSC-CNRB0000819) . എന്നാൽ കൈമാറിയ തുകയ്ക്ക് അനുസൃതമായുള്ള ധന വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് നൽകിയ മറുപടി ഇപ്രകാരമാണ്.

"2021-22 അധ്യയന വർഷത്തിൽ തിരുപുറം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ Payment Of SSK Share എന്ന പദ്ധതിയ്ക്ക് വേണ്ടി 2 ലക്ഷം രൂപ 0819101103660 എന്ന അക്കൗണ്ടിൽ അടച്ചു. എന്നാൽ അക്കൗണ്ട് നമ്പർ മാറിയതിനാൽ ടി തുക തിരികെ Parent Account ലേക്ക് മടങ്ങി. അക്കൗണ്ട് നം. മാറിയ വിവരം BRC യിൽ നിന്നും പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. Utilisation Certificate ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് ടി വിവരം പഞ്ചായത്തിനെ അറിയിച്ചത് . "

അക്കൗണ്ട് നമ്പർ മാറിയതിനാൽ തുക Parent Account ലേക്ക് മടങ്ങി എന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. പദ്ധതി വിഹിതം കൈമാറാൻ സാധിക്കാത്തതിനാൽ ധനവിനിയോഗ സാക്ഷ്യ പത്രവും ലഭ്യമായിട്ടില്ല. എന്നാൽ ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ട്സ് സംബന്ധമായ രേഖകളിൽ ഒന്നും തന്നെ ആയത് സാധൂകരിക്കുന്ന യാതൊരു വിവരവും ലഭ്യമല്ല. പ്രസ്തുത രേഖകളിൽ എസ്. എസ്. കെ വിഹിതം കൃത്യമായി കൈമാറിയതായാണ് കാണിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും പൂർണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കത്ത് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം. 11 വഴി ആവശ്യപ്പെട്ടതിന് പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന കത്ത് നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം പദ്ധതിയിനത്തിൽ ചെലവഴിച്ചതായി കാണിച്ച 2,00,000/- രൂപ Governement Account – ലേക്ക് തന്നെ മടങ്ങിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. (ഹെഡ് ഓഫ് അക്കൗണ്ട്: 3604-00-200-81-05-35-00-N-V).

എസ്.എസ്.കെ വിഹിതമായ തുക കൈമാറാതിരുന്നിട്ടും സുലേഖ ചെലവ് പത്രിക, വികസന ഫണ്ട് (പൊതുവിഭാഗം)-ഇന്റെ എ.സി.ആർ എന്നിവ പ്രകാരം 2,000,00/- രൂപ എസ്.എസ്.കെ വിഹിതം അടയ്ക്കലിനായി ചെലവഴിച്ചതായി കാണുന്നു. എ.സി.ആർ – ഇൽ തുക Return വന്നതുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമല്ല. ഹാജരാക്കിയ സാംഖ്യ ബില്ലിൽ UTR നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉള്ളതിനാൽ ക്രയവിക്രയം പൂർത്തിയായി എന്ന അനുമാനത്തിൽ എത്താനേ നിർവ്വാഹമുള്ളൂ. ഗ്രാമ പഞ്ചായത്തിലെ വരവ്-ചെലവ് പത്രികയിൽ 200000/- രൂപയുടെ ടി ചെലവ് ഉൾപ്പെട്ടിട്ടുണ്ട്. ട്രയൽ ബാലൻസിലും ആയത് പ്രതിഫലിക്കുന്നുണ്ട്. ബാലൻസ് ഷീറ്റിൽ 2,00,000/- രൂപയുടെ നീക്കിയിരിപ്പ് ഉൾപ്പെട്ടിട്ടില്ല. അക്കൗണ്ട്സിലെ ടി അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് തിരുപുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി നൽകിയിട്ടില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള രേഖകളിൽ ചെലവഴിച്ച തുക തിരികെ വന്നത് സംബന്ധിച്ച് യാതൊരു വിവരവും ഉൾപ്പെടാത്തത് അതീവ ഗൗരവം അർഹിക്കുന്ന വിഷയമായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയിനത്തിലുള്ള ചെലവുകൾക്കായി കൈമാറിയ തുക എന്തെങ്കിലും കാരണവശാൽ തിരികെ വരുന്ന പക്ഷം ആയത് വ്യക്തമായി ബോധ്യപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കൂടി സാംഖ്യ ബില്ലുകളിലും അനുബന്ധ രേഖകളിലും ഉൾപ്പെടുത്തി സാംഖ്യ സോഫ്റ്റ്‌വെയർ പരിഷ്കരിക്കാൻ IKM നോട് അടിയന്തിരമായി നിർദ്ദേശിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ട്സുകളിലും ഇതിൻ പ്രകാരം മാറ്റം വരുത്തേണ്ടതാണ്.

## 1-21 കേന്ദ്ര / സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾക്ക് ഒടുക്കുവാനുള്ള നികുതി/നികുതി ഒടുക്കിയിട്ടില്ല

നികുതി, നികുതിയിതര ഇനങ്ങളിലായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ലൈബ്രറി കൗൺസിൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് ഈടാക്കി ഒടുക്കുവാനുള്ള തുകകൾ ഈടാക്കിയ ശേഷം ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ.

| വരവിനം/അക്കൗണ്ട് ഹെഡ് | 01.04.2021 ലെ മുന്നിരുപ്പ് (മുൻവർഷ ബി9 പ്രകാരം) | തൻവർഷ വരവ് (ആർ പി. 36 പ്രകാരം) | തൻവർഷം ഒടുക്കിയ തുക (ആർ പി. 36 പ്രകാരം) | 31.03.2022ൽ ഒടുക്കാൻ അവശേഷിക്കുന്ന തുക (തൻവർഷ ബി9 പ്രകാരം) |
|---|---|---|---|---|
| 350300101 ലൈബ്രറി സെസ് | 102562 | 164015 | 0 | 266577 |
| 350300103 വാറ്റ് | 2804 | 440 | 0 | 2944 |
| 350300110 സിജിഎസ് ടി | 19425 | 8736 | 0 | 28161 |
| 350300111 എസ് ജിഎസ് ടി | 19425 | 8736 | 0 | 28161 |
| 350300116 ഫ്ലഡ് സെസ് | 2156 | 762 | 0 | 2918 |

മേൽ പട്ടിക പ്രകാരമുള്ളതിൽ, റ്റി.ഡി.എസ്. ൽ ഈടാക്കുന്ന ഇനങ്ങളായ സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, ഫ്ലഡ് സെസ് എന്നിവയ്ക്ക് തുക കളക്ട് ചെയ്ത് തൊട്ടടുത്തമാസം 10-ാം തീയതിക്കകം ഒടുക്കി റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ട്. ലൈബ്രറി സെസ് ഏപ്രിൽ, ഒക്ടോബർ മാസങ്ങളിലായി സാമ്പത്തിക വർഷത്തിൽ രണ്ടു തവണകളായി ലൈബ്രറി കൌൺസിലിൽ ഒടുക്കി രസീത് കൈപ്പറ്റേണ്ടതാണ്. 01.07.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ നികുതി വരവു രേഖപ്പെടുത്തിയിരിക്കുന്നു.

നികുതി വരവുകൾ സമയബന്ധിതമായി ഒടുക്കി, റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതും നികുതി, നികുതിയിതര ഹെഡുകളിലായി ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കി അറിയിക്കേണ്ടതുമാണ്.

## 1-22 കൃഷി ഓഫീസറുടെ പദ്ധതിനിർവ്വഹണം - ഓഡിറ്റ് നിർദ്ദേശങ്ങൾ

തിരുപുറം ഗ്രാമപഞ്ചായത്തിൽ 2021-2022 കാലയളവിൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ നടന്ന വിവിധ പദ്ധതികളും അവയുടെ നിരീക്ഷണങ്ങളും ചുവടെ ചേർക്കുന്നു.

1. സുഭിക്ഷകേരളം പുരയിടകൃഷി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സുഭിക്ഷകേരളം പുരയിടകൃഷി |
| പ്രോജക്ടിന്റെ നമ്പർ | SO021/22 |
| ഫണ്ട് | വികസന ഫണ്ട് (ഉല്പാദന മേഖല-പൊതുവിഭാഗം സാധാരണവിഹിതം) |

| | |
|---|---|
| വകയിരുത്തിയ തുക | 162020/-രൂപ |
| ചെലവ് | 162020/-രൂപ |

സുഭിക്ഷകേരളം പുരയിടകൃഷി പ്രോജക്ടിന്റെ ഭാഗമായി 490 യൂണിറ്റ് കുരുമുളക്, വാഴ തൈകൾ വിതരണം, 2.1 ഹെക്ടർ പുരയിടത്തിലെ തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കൽ എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചത്. പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചത് ചുവടെ പറയുന്ന പ്രകാരമാണ്.

| ക്രമ നം | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർ | 20 |
| 2 | കർഷകർ | 20 |
| 3 | പ്രവാസികൾ | 20 |
| 4 | വിധവകൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന അംഗമുള്ള കുടുംബം | 20 |
| 5 | കൃഷി ചെയ്യാൻ താല്പര്യം ഉള്ളവർ | 20 |

തിരുപുറം ഗ്രാമപഞ്ചായത്ത് 2021-22 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സുഭിക്ഷകേരളം പുരയിടകൃഷി എന്ന പദ്ധതി യഥാവിധി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മോണിറ്ററിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിനായി 490 യൂണിറ്റ് കുരുമുളക്, വാഴ തൈകൾ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് 170/- രൂപാ നിരക്കിൽ (490 X 170 = 83300) വാങ്ങിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 477ഗുണഭോക്താക്കൾക്ക മാത്രമാണ് (52 + 425 = 477) കുരുമുളക്, വാഴ തൈകൾ വിതരണം നടത്തിയത്. ബാക്കിയുള്ളവയുടെ(13 യൂണിറ്റ്) വിവരങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി 20 പ്രകാരം കൃഷി ഓഫീസർ നേരിട്ട് ഹാജരാകുകയും 13 യൂണിറ്റ് ജനകീയാസൂത്രണ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുകയും ചെയ്തു.

2. ജൈവപച്ചക്കറി കൃഷി വികസനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജൈവപച്ചക്കറി കൃഷിവികസനം |
| പ്രോജക്ടിന്റെ നമ്പർ | S0022/22 |
| ഫണ്ട് | വികസന ഫണ്ട് (ഉല്പാദന മേഖല-പൊതുവിഭാഗം സാധാരണവിഹിതം) |
| വകയിരുത്തിയ തുക | 248000/-രൂപ |
| ചെലവ് | 248000/-രൂപ |

ജൈവപച്ചക്കറി കൃഷിവികസനം പ്രോജക്ടിന്റെ ഭാഗമായി 1240 യൂണിറ്റ് പച്ചക്കറി വിത്തുകൾ വിതരണം നടത്താനാണ് ഉദ്ദേശിച്ചത്. പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചത് ചുവടെ പറയുന്ന പ്രകാരമാണ്.

| ക്രമ നം | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | സ്ത്രീകൾ | 20 |
| 2 | വിധവകൾ | 20 |
| 3 | പച്ചക്കറി കൃഷി ചെയ്യാൻ താല്പര്യം ഉള്ളവർ | 20 |
| 4 | സ്വന്തം സ്ഥലത്തോ, ടെറസിലോ, പാട്ടത്തിനോ കൃഷി ചെയ്യാൻ താല്പര്യം ഉള്ളവർ | 20 |
| 5 | വികലാംഗർ, മാനസിക വൈകല്യം ഉള്ളവരുടെ കുടുംബങ്ങൾ | 20 |

തിരുപുറം ഗ്രാമപഞ്ചായത്ത് 2021-22 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ജൈവപച്ചക്കറി കൃഷിവികസനം എന്ന പദ്ധതി യഥാവിധി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മോണിറ്ററിംഗ് സമിതി

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. കേടായ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈ തെങ്ങുകൾ വയ്ക്കുക

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | കേടായ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈ തെങ്ങുകൾ വയ്ക്കുക | | |
| പ്രോജക്ടിന്റെ നമ്പർ | SO023/22 | | |
| ഫണ്ട് | വികസന ഫണ്ട് (ഉല്പാദന മേഖല-പൊതുവിഭാഗം സാധാരണവിഹിതം) | 73220 | 98400 |
| | ഗുണഭോക്തൃവിഹിതം | 25180 | |
| ചെലവ് | വികസന ഫണ്ട് (ഉല്പാദന മേഖല-പൊതുവിഭാഗം സാധാരണവിഹിതം) | 72800 | 97500 |
| | ഗുണഭോക്തൃവിഹിതം | 24700 | |

കേടായ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈ തെങ്ങുകൾ വയ്ക്കുക എന്ന പ്രോജക്ടിന്റെ ഭാഗമായി 65 തെങ്ങുകൾ മുറിച്ചു മാറ്റി പകരം 203 തൈ തെങ്ങുകൾ വയ്ക്കാനാണ് ഉദ്ദേശിച്ചത്. തിരുപുറം ഗ്രാമപഞ്ചായത്ത് 2021-22 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ 47 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പദ്ധതി യഥാവിധി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മോണിറ്ററിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പദ്ധതികളുടെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹമായ പ്രാതിനിധ്യം എല്ലാ വാർഡിലും നൽകിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജനകീയാസൂത്രണ വിതരണ രജിസ്റ്ററിന്റെ പരിപാലനം ക്രമരഹിതമായി ഓഡിറ്റ് വേളയിൽ കാണപ്പെട്ടു. ജനകീയാസൂത്രണ വിതരണ രജിസ്റ്ററിൽ ഓരോ പ്രോജക്ടിലും പങ്കെടുക്കുന്ന ഗുണഭോക്താക്കൾ കൃത്യമായി ഉൾപ്പെട്ടിട്ടുണ്ട് എന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 അംഗൻവാടികൾ ( നം 39,32) പ്രവർത്തനക്ഷമമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം 39,32 -ാം നമ്പർ അംഗൻവാടി കെട്ടിടനിർമാണത്തിനായി 2 പ്രോജക്ടുകൾ നടപ്പിലാക്കിയിരുന്നു. (പ്രോജക്ട് നം 109,110). 2016 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് വച്ച പ്രസ്തുത പ്രവൃത്തികൾ സ്പിൽ ഓവറായി 2021-22 സാമ്പത്തിക വർഷം കെട്ടിടനിർമാണം മാത്രമാണ് പൂർത്തിയാക്കിയിരിക്കുന്നത്. മറ്റ് അടിസ്ഥാനസൌകര്യങ്ങൾ (കുടിവെള്ളം, വൈദ്യുതി ഇടങ്ങിയവ) ഏർപ്പെടുത്തിയിട്ടുമില്ല. പദ്ധതി നടത്തിപ്പിലും പൂർത്തീകരണത്തിലും വളരെയധികം കാലതാമസമുണ്ടായിരിക്കുന്നു. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.11/2018/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 7.8.2ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് പൂർത്തിയാകാറായിട്ടും ഗ്രാമപഞ്ചായത്ത് ഈ ലക്ഷ്യം കൈവരിച്ചിട്ടില്ല. അങ്കണവാടികളിൽ അടിസ്ഥാന സൌകര്യങ്ങൾ ഉറപ്പാക്കി പ്രവർത്തനം ആരംഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം 37/ 27.10.2022)

## 1-24 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നിർവഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പേര് | അടങ്കൽ (സുലേഖ പ്രകാരം ) | ചെലവ് (സുലേഖ പ്രകാരം ) |
|---|---|---|---|
| 84/22 | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി ( | 300000 | 300000 |

| | | | |
|---|---|---|---|
| | ജനറൽ) | | |
| 81/22 | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി (വനിത) | 900000 | 900000 |

പഞ്ചായത്ത് ഭരണസമിതിയുടെ 11.10.2021 ലെ 18(1) -ാം നമ്പർ തീരുമാന പ്രകാരം 2021-22വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിരുന്നു. ടി ഗുണഭോക്തൃലിസ്റ്റിൽ അർഹരായവർക്കുമാത്രം ആനുകൂല്യം നൽകുന്നതിനും ആനുകൂല്യം നൽകിയ വ്യക്തികളുടെ പട്ടിക തൊട്ടടുത്ത ഗ്രാമസഭയിൽ സാധൂകരിക്കുന്നതിന് സമർപ്പിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഭരണസമിതി ഐകകണ്ഠേന തീരുമാനവുമെടുത്തിരുന്നു. എന്നാൽ ഡയറിഫാം ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പരാമർശിച്ച പ്രോജക്ടുകളുടെ ഗുണഭോക്തൃപട്ടിക ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. (ആകെയുള്ള 14 വാർഡുകളിൽ 6 വാർഡുകളുടെ ഗ്രാമസഭമിനിട്സ് ( വാർഡ് നം 1,3,8,12,13) മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരുന്നത് ).

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം15/ 24.10.2022) ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭലിസ്റ്റിൽ ചേർക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും ആയത് അടുത്ത ഗ്രാമസഭയിൽ ചേർക്കുന്നതാണെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നാണ് നിർവഹണഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്.

ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് അടുത്ത ഗ്രാമസഭയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും തുടർ നടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. തിരുപുറം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ആകെ ഒരു പ്രവൃത്തിയിയിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/ 27.10.2022) മറുപടിയായി അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ റോഡ് ടാറിംഗ് പ്രവർത്തികളിൽ സർക്കാർ നിർദ്ദേശമനുസരിച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കാതെ കരാറുകാർക്ക് ജി.എസ്.ടി കോംപൻസേഷൻ നൽകി

സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീയതി 1-11-2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. സർക്കുലർ നമ്പർ 18/19 ധനം/ തീയതി 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം 12% ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടുത്തിയാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പ്രവൃത്തി മൂല്യത്തോടൊപ്പം GST ഇനത്തിൽ ഓരോ പ്രവൃത്തിക്കും പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് തുക നല്കുന്നതിനാൽ GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാകുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ജി.ഒ(ആർ.ടി)നം.2532/2018/ തസ്വഭവ തീയതി 29-9-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ പ്രവർത്തി ഫയലുകളിലൊന്നും ഇത്തരത്തിലുള്ള സെൽഫ് ഡിക്ലറേഷൻ ഫോം കരാറുകാരിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ജി.എസ്.ടി കോംപൻസേഷൻ അനുവദിക്കുന്ന പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-27 റോഡ് കണക്റ്റിവിറ്റി മാപ്പ് തയാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആവണമെന്ന് 4.02.2011 ലെ

സ.ഉ(എം.എസ്)31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട് . കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട് .

എന്നാൽ തിരുപുറം ഗ്രാമപഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം 16). പഞ്ചായത്തിലെ എല്ലാ റോഡുകളും R Track എന്ന സോഫ്റ്റ്വെയർ വഴി ട്രാക്ക് ചെയ്തിട്ടുണ്ടെന്നും ടി വിവരങ്ങൾ എക്സൽ ഫയൽ ആക്കുന്നതിനുള്ള നടപടി സ്വീകിരിച്ചുവരുന്നതായും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയാറാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർനടപടി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ഇ ടെണ്ടർ പ്രവർത്തികളുടെ ഫോറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം ഇ- ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 21020/-രൂപ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ-ടെണ്ടർ ഫോറവിലയിനത്തിൽ മുൻവർഷങ്ങളിലേതുൾപ്പെടെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ട തുക ലഭിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്
( നം4/19.10.2022) നിർവഹണ ഉദ്യോഗസ്ഥ (എ.ഇ , എൽ എസ് ജി ഡി) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

## 1-29 സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

(എ) പഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2019 ലെ LSG01/2019 നമ്പർ ഉത്തരവ് പ്രകാരം 18.04.2019 മുതൽ ഓഫീസ് ജോലി വികസന രേഖ പരിഷ്കരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് ഖണ്ഡിക 4 പ്രകാരം ഓഫീസ് സ്റ്റേഷനറി സ്റ്റോക്ക്, എം ബുക്കുകളുടെ സ്റ്റോക്ക്, ബുക്കുകളുടെയും ഫോറങ്ങളുടെയും സ്റ്റോക്ക് , രസീതി ബുക്കുകളുടെ സ്റ്റോക്ക് മുതലായവയുടെ കസ്റ്റോഡിയനും ചുമതലക്കാരനും എ2 സെക്ഷൻ ആണ്. സ്റ്റേഷനറി രജിസ്റ്റർ, ബുക്സ് ആന്റ് ഫോംസുകളുടെ സ്റ്റോക്ക് രജിസ്റ്റർ,എം ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കുകയോ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല ( ഓഡിറ്റ് അന്വേഷണം നം 9/ 19.10.2022) .

രജിസ്റ്ററുകൾ കാലികമാക്കി തയാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ബി) വാർഷിക ധനകാര്യപത്രിക പ്രകാരം 2021-22 സാമ്പത്തിക വർഷം ടെണ്ടർ ഫോറവിലയിനത്തിൽ പഞ്ചായത്തിന് 109750/- രൂപ ലഭിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്കായി ഈ ഓഫീസിൽ നിന്നും ഇഷ്യൂ ചെയ്ത ടെണ്ടർ ഫോമുകളുടെ എണ്ണം, ലഭ്യമായ തുക, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല
( നം 14/ 20.10.2022) . പഞ്ചായത്തിലും ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സ്റ്റോർ പർച്ചെയ്സ് മാനുവൽ 2013 ഖണ്ഡിക 7.35, 7.36 എന്നിവ പ്രകാരം വിൽപന നടത്തിയ ടെണ്ടർ രേഖകളുടെ എണ്ണം, രേഖകൾ വാങ്ങിയവരുടെ പട്ടിക, ലഭ്യമായ തുകയുടെ വിശദാംശം, വിൽപന നടത്താതിരുന്ന ടെണ്ടർ രേഖകളുടെ എണ്ണം എന്നീ വിവരങ്ങളുടെ വ്യക്തമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. ടെണ്ടർ ഫോം ആർക്കാണോ ഇഷ്യൂ ചെയ്യുന്നത് അയാളുടെ പേരുവിവരങ്ങൾ ടെണ്ടർ ഫോമിന്റെ മുൻവശത്ത് രേഖപ്പെടുത്തേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് തിയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ടെണ്ടർ ഫോമിന്റെ എല്ലാ പേജിലും സീരിയൽ നമ്പർ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ_നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പ്രവർത്തികളിലെ ഫയലുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ടെണ്ടർ ഫോമുകളിൽ മേൽപരാമർശിച്ച പ്രകാരമുള്ള രേഖപ്പെടുത്തലുകളില്ല.

വിവിധ പ്രവർത്തി ഫയലുകളോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ടെണ്ടർ ഫോമുകളിൽ (ഉദാ- പ്രോജക്റ്റ് നം 39/2021 റീ ടാറിംഗ് റിയർ സൈഡ് ഓഫ് കാഞ്ഞിരവിളാകം ചർച്ച് റോഡ്) മറ്റൊരു ഗ്രാമപഞ്ചായത്തിന്റെ പേരാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. ടെണ്ടർ ഫോമുകളിൽ സീരിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് രജിസ്ററർ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും പ്രസ്തുത ഫോമുകൾ ഈ ഓഫീസിൽ നിന്നാണോ ഇഷ്യൂ

ചെയ്തതെന്ന് ഉറപ്പാക്കാനായിട്ടില്ല.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ പൊതുവായ സ്റ്റോക്ക് രജിസ്റ്ററിൽ 06.11.2021 ൽ 500 ടെണ്ടർ ഫോമുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് നീക്കിയിരിപ്പ് പൂജ്യം ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോമുകളുടെ വിതരണവിവരങ്ങൾ ലഭ്യമല്ല. ടെണ്ടർഫോം വരവ് ചെലവിന്റെകൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 പൾസ് പോളിയോ ഇമ്യൂണൈസേഷൻ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 10000/- രൂപ തടസ്സപ്പെടുത്തുന്നു.

പൾസ് പോളിയോ ഇമ്യൂണൈസേഷൻ പ്രോഗ്രാമിന് മുൻകൂർ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും 10,000/- രൂപ ചെക്ക് നം 665742/31.03.2022 പ്രകാരം (വൌച്ചർ നം 22101081/31.03.2022 ) പരണിയം പി.എച്ച്.സി, മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. സ.ഉ(സാധാ) നം 80/2022/തസ്വഭവ തീയതി 11.01.2022 പ്രകാരം പഞ്ചായത്തിന് ചെലവുതുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന ധനവിനിയോഗ സാക്ഷ്യപത്രം മെഡിക്കൽ ഓഫീസർ നൽകേണ്ടതുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ചെലവ് വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 40/ 28.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 10000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 മരാമത്ത് പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 2112 ൽ നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റെ ഭാഗത്തുനിന്നും സമയബന്ധിതമായി എഗ്രിമെന്റും എസ്ററിമേറ്റും പ്രകാരം പ്രവൃത്തി ചെയ്യുന്നതിനും പൂർത്തീകരിക്കുന്നതിനും ഗുരുതരമായ വീഴ്ചയും കരാർ ലംഘനവും ഉണ്ടായതായി ബോധ്യം വന്നിട്ടുള്ളതായി പഞ്ചായത്ത് ഭരണസമിതി നിരീക്ഷിച്ചിട്ടുണ്ട്(30.10.2021 ലെ 20(3)-ാം നമ്പർ തീരുമാനം). കൂടാതെ നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ കരാറുകാരൻ പണി പൂർത്തീകരിക്കാത്ത സാഹചര്യമുണ്ടായാൽ ടിയാനെതിരെ പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടത്തിന് തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഭരണസമിതി തീരുമാനിച്ചിട്ടുമുണ്ട്. കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1%പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25%വരെ ഒറ്റത്തവണ യും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നം - പഞ്ചായത്ത് ഓഫീസ് കെട്ടിടം (രാജീവ് ഗാന്ധി സേവാകേന്ദ്രം)

( 124/21-22)

അടങ്കൽ -424125 (തനത് ഫണ്ട്)

ചെലവ് -373328(ബിൽ നം 338/30.03.3022(GPF ACR)

PAC- 445327.62

മൂല്യ നിർണ്ണയം -333329.11( 15.01 Below Value Of Work Done 392198.03)

അളവ് പുസ്തകം 290/20-21

കരാറുകാരൻ-ക്രിസ്റ്റിൻ ബൈജു സി എൽ

കരാർ. 24/AE/LSGD/TPM/20-21 Dated28.10.20

TS – Rs.4,99,000/-

പൂർത്തീകരണ കാലാവധി-6മാസം

പണി പൂർത്തീകരിച്ച തീയതി - 25.03.2022 (പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം )

(കരാർ ചമച്ച് 1 വർഷം 2 മാസം 17ദിവസം ആയപ്പോഴാണ് പ്രവൃത്തി പൂർത്തിയായത്.)

പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം 35/ 27.10.2022) നൽകിയ മറുപടി ഇപ്രകാരമാണ് "പ്രവൃത്തി ചെക്ക് മെഷർ ചെയ്ത് സാമ്പത്തിക വർഷാവസാനത്തിന് മുൻപ് ബില്ല് നൽകുന്നതിനുള്ള തിരക്കിനിടയിൽ ഫൈൻ ഈടാക്കാൻ വിട്ടുപോയതാണ്. കരാറുകാരന് കത്ത് നൽകി നിയമാനുസൃതമായ ഫൈൻ ഈടാക്കുന്നതാണ്. "

കരാറുകാരനിൽ നിന്നും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിച്ചിട്ടുള്ള നിയമാനുസൃത പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-32 പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ , തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ

പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

യൂസർ നെയിം, പാസ് വേഡ് എന്നിവ ലഭ്യമാകുന്നമുറയ്ക്ക് സ്ഥാപനം ഉപയോഗിക്കുന്ന വാഹനം , ഡ്രൈവർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വീൽസ് സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നം 24/ 25.10.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-33 ചെലവ് രേഖകൾ ഹാജതാക്കിയിട്ടില്ല.10800/- രൂപ തടസ്സപ്പെടുത്തുന്നു

മെയ് മാസത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ 25.05.2021 ലെ 22100148 നമ്പർ പേയ്മെന്റ് വൗച്ചറിൽ 18800/- രൂപ ചെലവ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. അനുബന്ധ രേഖകളിൽ 8000/- രൂപയുടെ ചെലവ് രേഖ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/ 26.10.22) മറുപടി നല്കിയില്ല. 10800/- രൂപയുടെ ചെലവ് രേഖകൾ ഹാജതാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 235125 | 192375 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 100000 | 100000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(വനിത) | 300000 | 300000 |
| | ന്യൂലൈഫ് ലക്ഷം വീട് കോളനി നവീകരണം (ജനറൽ) 69/22 | 240000/- | 80000/- |
| | കേദാരം നെൽകൃഷി വികസനം 20/22 | 0 | 0 |
| ആകെ | | 875125 | 672375 |
| ബ്ലോക്ക് പഞ്ചായത്ത് | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 235125 | 213750 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 100000 | 100000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(വനിത) | 300000 | 300000 |
| | ന്യൂലൈഫ് ലക്ഷം വീട് കോളനി നവീകരണം (ജനറൽ) 69/22 | 120000 | 120000 |
| | കേദാരം നെൽകൃഷി വികസനം 20/22 | 102000 | 102000 |
| ആകെ | | 857125 | 835750 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 835750 | 835750 | 835750 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 672375 | 672375 | 672375 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 2399561 | 0 | 2399561 | 0 | 2399561 |
| കെ.ഡബ്ല്യു.എ | 503000 | 0 | 503000 | 0 | 503000 |

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./ തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | സ.ഉ.(എം.എസ്) നം. 68/18 തസ്വഭവ തീയതി 18.05.2018 | 10834 | 23927738 | 1921334 | 0 | 22017238* |

1) വായ്പ – വായ്പ തിരിച്ചടവ് രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയില്ല

2) വായ്പ വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക, തൻവർഷം തിരിച്ചടച്ച തുക, വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക ഇവ പൊരുത്തപ്പെടുന്നില്ല. വായ്പ അക്കൗണ്ടിലെ പലിശയിനത്തിലെ വരവ് 10834/- രൂപ ലോൺ വരവായി എ.എഫ്.എസ് ൽ ഉൾപ്പെടുത്തിയതിനാലാണ് ഇവ പൊരുത്തപ്പെടാത്തത്. (തൻവർഷം വായ്പ എടുത്തിട്ടില്ല. 10834/- രൂപ വായ്പ അക്കൗണ്ടിലെ പലിശ വരവാണ്.)

3) എ.എഫ്.എസ് ൽ വായ്പ വിവരങ്ങൾ ശരിയായ വിധം ഉൾപ്പെടുത്തി തുക ക്രമീകരിക്കേണ്ടതും വായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടവയുടെ വിശദാംശം

ലഭ്യമാക്കിയില്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 148,56,637 |
| ഓഡിറ്റ് വർഷത്തെ വരവ് | 505,61,930 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 469,99,016 |
| നീക്കിയിരിപ്പ് | 184,19,551 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | /- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,50,510 | രമേശ്.ജി., സെക്രട്ടറി |
| 1-30 | 10,000 | ഹരിൻബോസ് എ , സെക്രട്ടറി |
| 1-33 | 10,800 | രമേശ് ജി , സെക്രട്ടറി |
| ആകെ | 2,71,310 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആശ എൻ , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , തിരുപുറം ഗ്രാമപഞ്ചായത്ത് | അക്ഷയ, കുറവാട്, പെരുങ്കടവിള (വഴി) കോട്ടക്കൽ പി ഒ |
| ഹരിൻബോസ് എ, സെക്രട്ടറി | സെക്രട്ടറി, പെരുങ്കടവിള ഗ്രാമപഞ്ചായത്ത് | ബോസ് ഭവൻ, അമ്പിലിയോട്, അന്തിയൂർ, ബാലരാമപുരം പി ഒ |
| രമേഷ് ജി , സെക്രട്ടറി | സെക്രട്ടറി, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് | ലക്ഷ്മി കോട്ടേജ്, സ്റ്റുഡിയോ റോഡ്, നേമം പി .ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ വിശദാംശം |
|---|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | 0 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | 0 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | 0 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | 0 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | 0 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 4 | 0 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 2 | 3-3,3-8 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 1 | 3-1(a,b,c) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | 0 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | 0 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 2 | 2-2,3-2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 0 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 643/2022 തീയതി 18/10/2022 | 2 | 3-14,3-17 |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 2095/2018 തീയതി ------- | 4 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 321/2019 തീയതി 04.06.2020 | 7 | |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 665/2021 തീയതി 31.03.2021 | 25 | |
| 2020-21 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 373/2022 തീയതി 27.05.2022 | 31 | |

ഡെപ്യൂട്ടി ഡയറക്ടർ,(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്